**Malayala Manorama**

**19 August 2018**

**Kochi, Flood, Hospitals in Deplorable Condition**

# ആശുപത്രികൾ ശോചനീയ നിലയിൽ

കൊച്ചി • പ്രളയത്തിന്റെ സംഹാരതാണ്ഡവം കുറയുന്നുണ്ടെങ്കിലും ആശുപത്രികളുടെ സ്ഥിതി ശോചനീയമാവുകയാണ്. രണ്ട് പ്രധാന സ്വകാര്യ ആശുപത്രികളിൽ വെള്ളം കയറി.

ഒന്നിന്റെ പ്രവർത്തനം പൂർണമായും നിർത്തിവച്ചു. പറവൂരിലെ രണ്ട് താലൂക്ക് ആശുപത്രികളിൽ നിന്നും രോഗികളെ പൂർണമായും ഒഴിപ്പിക്കേണ്ടി വന്നു.

ആസ്റ്റർ മെഡ്സിറ്റിയുടെ ആദ്യ നിലയിൽ മുട്ടൊപ്പം വെള്ളം കയറിയിട്ടുണ്ട്. ഇവിടെ നിന്നുള്ള രോഗികളെ രണ്ടു ദിവസം മുൻപേ അമൃത, ലൂർദ് ആശുപത്രികളിലേക്കു മാറ്റിയിരുന്നു.

എന്നാൽ, വെള്ളിയാഴ്ച രാത്രിയോടെ അമൃത ആശുപത്രിയിലും വെള്ളം കയറാൻ തുടങ്ങി.

ഇന്നലെ കുത്തൊഴുക്കിനു ശമനം വന്നെങ്കിലും കൂടുതൽ രോഗികളെ പ്രവേശിപ്പിക്കേണ്ടെന്ന തീരുമാനത്തിലാണ് അധികൃതർ. വൈദ്യുതി ബന്ധം വിച്ഛേദിച്ച് താൽക്കാലികമായി ജനറേറ്ററിലായിരുന്നു ആദ്യ ദിവസത്തെ പ്രവർത്തനം.

ഇന്നലെ പൂർവസ്ഥിതിയിലായി. അടിയന്തര ശസ്ത്രക്രിയ വേണ്ട രോഗികളെ മറ്റ് ആശുപത്രികളിലേക്കു മാറ്റിയിട്ടുണ്ട്. പറവൂർ താലൂക്ക് ആശുപത്രിയിൽ നിന്ന് എൺപതോളം രോഗികളെ ഒഴിപ്പിച്ചു. പുത്തൻവേലിക്കര ആശുപത്രിയിൽ കിടത്തിച്ചികിൽസ ഉണ്ടായിരുന്നില്ല.

എങ്കിലും പ്രളയക്കെടുതിയിലായ അൻപതോളം രോഗികളെ ഇവിടെ പ്രവേശിപ്പിച്ചിരുന്നു.

ഇവരെയും ഇന്നലെ ഒഴിപ്പിക്കേണ്ടി വന്നു. അസീസി ആശ്രമത്തിലേക്കു മാറിയ ഇവരുടെ കൂട്ടത്തിലുണ്ടായിരുന്നു ഒരാളാണ് അവശനിലയിലായി മരിച്ചത്.